**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - WA No.1655/2022 അപ്പീൽ ഹർജിയിന്മേലുള്ള വിധിന്യായം പ്രകാരം ശ്രീ. കെ എസ് സലീമിന് സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്എഫ്സി-ബി) വകുപ്പ്**

**സ.ഉ(സാധാ)നം.1710/2023/ധനം തീയതി, തിരുവനന്തപുരം, 09/03/2023**

പരമർശം :- 1. WP(C) 28681/2021 ഹർജിയിന്മേലുള്ള വിധിന്യായത്തിനെതിരെ ഫയൽ ചെയ്ത WA 1655/2022 അപ്പീൽ ഹർജിയിൽ 31.01.2023-ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.

**ഉത്തരവ്**

സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക അനുവദിക്കുന്നതിനായി ശ്രീ സലിം. കെ.എസ് ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്ന WP(C)28681/2021 ഹർജിയിന്മേൽ 03/03/2022-ൽ വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി. പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്ന പക്ഷം, മസ്റ്ററിംഗ് ചെയ്ത തീയതി മുതലുള്ള പെൻഷൻ ഹർജിക്കാരന് അനുവദിച്ചു നൽകണമെന്നും പെൻഷൻ കുടിശ്ശിക 6 മാസത്തിനകം അനുവദിച്ച് നൽകണമെന്നുമാണ് ബഹു. കോടതി വിധിച്ചത്. ടി വിധിന്യായത്തിനെതിരെ സർക്കാർ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച WA 1655/2022 അപ്പീൽ ഹർജിയിൽ ബഹു. ഹൈക്കോടതി 31.01.2023-ൽ വിധിന്യായം പുറപ്പെടുവിച്ചിരിക്കുന്നു.

2. ഹർജിക്കാരനായ ശ്രീ. സലിം. കെ.എസ് -ന് അവകാശപ്പെട്ട വാർദ്ധക്യകാല പെൻഷൻ കുടിശ്ശിക രണ്ട് മാസത്തിനകം വിതരണം ചെയ്യണമെന്നും എന്നാൽ, ഹൈക്കോടതിയുടെ ഈ നിർദ്ദേശം സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക അനുവദിക്കണമെന്ന ബാധ്യത നിഷ്കർഷിക്കുന്നില്ലെന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക അനുവദിക്കണമെന്ന സമാന അവകാശവാദങ്ങൾ നിരസിക്കുവാൻ സർക്കാരിന് അവകാശമുണ്ടായിരിക്കുന്നതാണെന്നും ബഹു. ഹൈക്കോടതി വ്യക്തമാക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. സലിം കെ.എസ് ന് വാർദ്ധക്യകാല പെൻഷൻ അനുവദിച്ചത് 2019 ഡിസംബർ മാസത്തിലാണ്. 2019 ഡിസംബർ മുതൽ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കപ്പെട്ടവർക്ക് അക്ഷയകേന്ദ്രം വഴി ബയോമെട്രിക് മസ്റ്ററിംഗ് നടത്തിയെങ്കിൽ മാത്രമേ പെൻഷൻ വിതരണം നടത്തുകയുള്ളൂ. ടിയാൻ 2022 ഫെബ്രുവരിയിലാണ് ബയോമെട്രിക് മസ്റ്ററിംഗ് നടത്തിയത്.

ആകയാൽ, ടി മാസം മുതൽ ശ്രീ. സലിം കെ. എസ് -ന് വാർദ്ധക്യകാല പെൻഷൻ വിതരണം ചെയ്തു തുടങ്ങി. WA 1655/2022 അപ്പീൽ ഹർജിയിൽ ബഹു. ഹൈക്കോടതി 31.01.2023 -ൽ പുറപ്പെടുവിച്ചിരിക്കുന്ന വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, ശ്രീ. സലിം കെ.എസ്- ന് നൽകുവാനുള്ള വാർദ്ധക്യകാല പെൻഷൻ കുടിശ്ശിക (അതായത്, ശ്രീ. സലിം കെ.എസ്-ന് വാർദ്ധക്യകാല പെൻഷൻ അനുവദിച്ച 2019 ഡിസംബർ മുതൽ 2022 ജനുവരി വരെയുള്ളത്) തുകയായ 41,600/- രൂപ (നാല്പത്തൊന്നായിരത്തി അറുന്നൂറ് രൂപ മാത്രം) അനുവദിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി തുക സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിനുള്ള പഞ്ചായത്ത് ഡയറക്ടറുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറുന്നതിന് കെ.എസ്.എസ്.പി. ലിമിറ്റഡിനെ ചുമതലപ്പെടുത്തുന്നു. പ്രസ്തുത തുക 31.03.2023 നകം ശ്രീ. സലിം കെ.എസ്- ന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുവാനുള്ള നടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

4. WA 1655/2022 അപ്പീൽ ഹർജിയിൽ ബഹു. ഹൈക്കോടതി 31.01.2023 -ൽ പുറപ്പെടുവിച്ചിരിക്കുന്ന വിധിന്യായം പൂർണ്ണമായും നടപ്പിലാക്കി ഇത്തരത്തിൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II ), കേരള, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം
ലെയ്സൺ ഓഫീസർ, ധനകാര്യവകുപ്പ്, എറണാകുളം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. സലിം. കെ.എസ്, ഹൗസ് നം. 2115/69, പെരുംകൊടത്ത് ലെയിൻ,
എസ്.ആർ.എം റോഡ്, എറണാകുളം നോർത്ത്, പിൻ-682018.
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,
വിവര പൊതുജന സമ്പർക്ക വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്
(ഫയൽ നം. E-1953436/എസ്.എഫ്.സി.ബി3/2 /ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ